# കോതമംഗലം കേസ്: പ്രമുഖരെ ഒഴിവാക്കി കുറ്റപത്രം നൽകി

കഴിഞ്ഞ ലക്കം കേരളീയത്തിൽ പ്രതിപാദിച്ചിരുന്ന കോതമംഗലം പെൺവാണിഭക്കേസിൽ ഹൈകോടതിയുടെ നിർദ്ദേശമനുസരിച്ച് പോലീസ് കുറ്റപത്രം സമർപ്പിച്ചിരുന്നു.

മുൻ കേന്ദ്രമന്ത്രി എസ്സ്. കൃഷ്ണകുമാർ, മുൻ സംസ്ഥാന മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവരുൾപ്പെടെ 138 പേർ പ്രതികളായുള്ള ഈ കേസിൽ പ്രമുഖരെ ഒഴിവാക്കി 17 പേരെ പ്രതിസ്ഥാനത്തു ചേർത്തുള്ള ഒരു കുറ്റപത്രമാണ് ഇപ്പോൾ പോലീസ് സമർപ്പിച്ചിരിക്കുന്നത്.

1997 ഒക്ടോബറിൽ കേസ് രജിസ്റ്റർ ചെയ്തിട്ട്, മൂന്നേകാൽ വർഷത്തോളം ഈ കേസ്സ് നടപടികളില്ലാതെ കിടക്കുകയായിരുന്നു. ഇപ്പോൾ കുറ്റപത്രം സമർപ്പിക്കുന്നതുതന്നെ ഹൈക്കോടതി പ്രത്യേകനിർദ്ദേശം നൽകിയതുകൊണ്ടുമാത്രമാണ്.

പെൺകുട്ടിയുടെ സുരക്ഷിതത്വത്തിനായി വീടിനു പോലീസ് കാവൽ നിൽക്കാനും കോടതി ഉത്തരവിട്ടിട്ടുണ്ട്.